# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3230. 19-06-2019 ൽ മറുപടിയ്ക്ക്

## ആത്മയിലെ ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | മറുപടി<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ആത്മയിലെ ജീവനക്കാർക്ക് നിലവിൽ ശമ്പളക്കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്രമാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ആത്മയിലെ ജീവനക്കാർക്ക് ശമ്പളക്കുടിശ്ശിക ഉണ്ടായിരുന്നെങ്കിലും മെയ് ആദ്യ വാരത്തോടെ 454.5 ലക്ഷം രൂപ ജില്ലകൾക്കും, പരിശീലന കേന്ദ്രമായ SAMETI യ്ക്കും നൽകുകയും അത് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. നിലവിൽ ആത്മ ജീവനക്കാർക്ക് മെയ് 2019 ലെ ശമ്പളം കുടിശ്ശികയായിട്ടുണ്ട്. 2019-20 ലെ ആത്മയുടെ ആദ്യ ഗഡു ഫണ്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാകുന്നതോടെ ഇതു പരിഹരിക്കപ്പെട്ടുന്നതാണ്. |
| (ബി) ശമ്പളം മുടങ്ങുവാനുള്ള കാരണം വ്യക്തമാക്കുമോ; ശമ്പളക്കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) 2018-19 ലെ ആത്മ പദ്ധതിയുടെ രണ്ടാം ഗഡുവായ കേന്ദ്ര സർക്കാർ വിഹിതം 90.9 ലക്ഷം രൂപ 25/02/2019 നും മൂന്നാംഗഡു കേന്ദ്ര സർക്കാർ വിഹിതം 181.80 ലക്ഷം രൂപ 07/03/2019 നുമാണ് കേന്ദ്ര സർക്കാർ അനുവദിച്ചത്. മേൽ പറഞ്ഞ തുകകളുടെ ആനുപാതികമായ സംസ്ഥാന സർക്കാർ വിഹിതം 60.6 ലക്ഷം, 121.2 ലക്ഷം എന്നിവ 28/03/2019-ൽ സംസ്ഥാന സർക്കാർ അനുവദിക്കുകയും ചെയ്തു. സാമ്പത്തിക വർഷം അവസാനമായതിനാൽ ട്രഷറികളിൽ തുക മാറി നൽകുന്നതിന് നിയന്ത്രണം ഉണ്ടായിരുന്നതിനാൽ മെയ് ആദ്യ വാരത്തോടെ തുക മാറി ജില്ലകളിൽ നൽകുകയും ശമ്പളക്കുടിശ്ശിക പ്രശ്നം പരിഹരിക്കുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ